പതിനാലാം കേരള നിയമസഭ

**പത്തൊൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2127 — **11.03.2020 ൽ മറുപടിക്ക്**

**വന്യജീവി സങ്കേതങ്ങളുടെ സമീപമുള്ള ക്വാറികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങളുടെയും ദേശീയ ഉദ്യാനങ്ങളുടെയും പത്ത് കിലോമീറ്റർ ചുറ്റളവിലുള്ള പാറമടകൾക്ക് കേന്ദ്ര വന്യജീവി ബോർഡിന്റെ അനുമതി വേണമെന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ക്വാറികളുടെ പ്രവർത്തനം നിർത്തലാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത ഉത്തരവിനെ ചോദ്യം ചെയ്ത് ക്വാറി ഉടമകൾ നൽകിയ ഹർജിയിൽ ഹൈക്കോടതി സിംഗിൾ ബഞ്ച് വിധി പ്രസ്താവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിധി എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) ഉണ്ട്.<br>18.12.2019 തീയതിയിലെ ബഹു. ഹൈക്കോടതി വിധി പ്രകാരവും {WP(C)No. 26431 & connected cases}, തുടർന്ന് ബഹു. ഹൈക്കോടതി വിവിധ തീയതികളിൽ പുറപ്പെടുവിച്ച സമാനമായ വിധികൾ പ്രകാരവും, വിധിന്യായം ലഭിച്ച് 15 ദിവസത്തിനകം പാരിസ്ഥിതികാനുമതിയും ബന്ധപ്പെട്ട രേഖകളും സർക്കാർ, കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന് നൽകേണ്ടതും, പ്രസ്തുത രേഖകൾ ലഭിച്ച് ഒരാഴ്ചക്കകം മന്ത്രാലയം, നാഷണൽ ബോർഡ് ഫോർ വൈൽഡ് ലൈഫിന്റെ സ്റ്റാൻഡിങ് കമ്മിറ്റി മുൻപാകെ വയ്ക്കേണ്ടതും, സ്റ്റാൻഡിങ് കമ്മിറ്റി 2 മാസത്തിനകം ഫയലുകളിൽ തീരുമാനമെടുക്കേണ്ടതുമാണ്. 18.05.2012 ന് മുൻപ് ഖനനാനുമതി കരസ്ഥമാക്കിയ പാരിസ്ഥിതികാനുമതി ഇല്ലാത്ത ക്വാറികൾക്കും ബഹു.ഹൈക്കോടതി വിധി ബാധകമാണ്. ബഹു. ഹൈക്കോടതിയുടെ വിവിധ വിധി ന്യായങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള സമയ പരിധി പാലിക്കപ്പെട്ടിട്ടില്ലായെങ്കിൽ ദേശീയോദ്യാനങ്ങളുടെയും വന്യജീവി സങ്കേതങ്ങളുടെയും 10 കിലോമീറ്റർ ചുറ്റളവിനുള്ളിലുള്ള ഖനന പ്രവർത്തനങ്ങൾക്ക് |

| | | |
|---|---|---|
| | | നൽകിയിട്ടുള്ള സ്റ്റോപ്പ് മെമ്മോകൾക്ക് സാധുത ഇല്ലാതാവും. തുടർന്ന്, ക്വാറികൾക്ക് നിലവിലുള്ള പാരിസ്ഥിതി കാനുമതി, ഖനനാനുമതി തുടങ്ങിയവയുടെ പിൻബലത്തിൽ ഖനന പ്രവൃത്തികൾ തുടരാം എന്നാണ് ബഹു. ഹൈക്കോടതി വിധിയിൽ പ്രസ്താവിച്ചിട്ടുള്ളത്. |
| (സി) | പ്രസ്തുത വിധിക്കെതിരെ സംസ്ഥാന സർക്കാർ ഡിവിഷൻ ബഞ്ചിന് അപ്പീൽ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ? | (സി) ബഹു. ഹൈക്കോടതിയുടെ ഉത്തരവിനെതിരെ അപ്പീൽ നൽകുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. |

Shabna

**സെക്ഷൻ ഓഫീസർ**